ഉത്തരം

(എ) ഈ മന്ത്രിസഭ നിലവിൽ വന്നശേഷമുള്ള മന്ത്രിസഭാംഗങ്ങളിൽ രണ്ട് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(ബി) ശ്രീ. പി. ജെ. ജോസഫ്, 1997-ൽ റവന്യൂ വകുപ്പുമന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ വനം കയ്യേറ്റത്തിനു സഹായം നൽകിയെന്നതു സംബന്ധിച്ചും, അദ്ദേഹം ജലവിഭവ വകുപ്പുമന്ത്രിയായിരിക്കെ സ്വകാര്യ വ്യക്തിയ്ക്ക് വാട്ടർകണക്ഷൻ കൊടുക്കുവാൻ നിർദ്ദേശിച്ചതുമായി ബന്ധപ്പെട്ടും രണ്ട് വിജിലൻസ് കേസുകളാണ് നിലവിലുള്ളത്. ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. കേസന്വേഷണം പുരോഗമിക്കുന്നു.

(സി) പ്രസ്തുത കേസുകളിൽ ആർക്കുമെതിരെ കുറ്റപത്രം നൽകിയിട്ടില്ല.

മിഷൻ 676 - പദ്ധതികൾ

40(45) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി, ശാസ്ത്ര സാങ്കേതിക വകുപ്പ് കാഴ്ചവൈകല്യം ഉള്ളവരുടെ ശാക്തീകരണത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ഈ മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യഘട്ടമെന്ന നിലയിൽ അന്ധർക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ പരിശീലനം, അവർക്കുവേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അസിസ്റ്റീവ് ടെക്നോളജിയെ കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസ് എന്ന പേരിൽ ഒരു സെന്റർ കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആസ്ഥാനത്ത് രൂപീകരിക്കുകയും അതിനൊരു കോ-ഓർഡിനേറ്ററിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സെന്ററിന്റെ നടത്തിപ്പിനായി ദേശീയ തലത്തിലുള്ള ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജീസിന്റെ ദേശീയ തലത്തിലുള്ള ഒരു ഉപദേശക സമിതി 30-4-2014-ൽ ചേർന്ന് സെന്ററിന്റെ പ്രവർത്തനത്തിനുവേണ്ടി രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

ആലപ്പുഴ, കോട്ടയം, ജില്ലകളിൽ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ

41 (46) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യുടെ നിലവിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ആലപ്പുഴ, കോട്ടയം, ജില്ലകളിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എൽ.ഡി.സി. തസ്തികയിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നടന്ന നിയമനങ്ങളുടെ സംവരണം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 14-1-2015 വരെ ആകെ 482 നിയമന ശിപാർശകളും, കോട്ടയം ജില്ലയിൽ 5-2-2015 വരെ ആകെ 644 നിയമന ശിപാർശകളും നൽകിയിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ 19 ഒഴിവുകളും കോട്ടയം ജില്ലയിൽ 14 ഒഴിവുകളും നിയമന ശിപാർശയ്ക്കായി അവശേഷിക്കുന്നു.

(സി)നിയമനങ്ങളുടെ സംവരണം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly